കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി-ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വീടും സ്ഥലവും അന്യാധീനപ്പെട്ടുപോകാതിരിക്കുന്നതിന് നടപടി - മാർഗ്ഗ നിർദ്ദേശം -ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം: 511/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 17/2/2010

---

പരാമർശം:- 1. 7/11/09-ലെ സ.ഉ(എം.എസ്)207/09/തസ്വഭവ

2. 27/1/10-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.45 നമ്പർ തീരുമാനം

3. മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 4/12/09-ലെ എ4-520/09 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ധനസഹായം ലഭ്യമാകുന്ന ഗുണഭോക്താക്കൾ വീടും സ്ഥലവും 10 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുന്നതല്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് എഴുതി രജിസ്റ്റർ ചെയ്യണമെന്ന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ റവന്യൂ വകുപ്പിൽ നിന്നും കൈവശാവകാശം ലഭിച്ചിട്ടുള്ള ഭൂമിയിൽ വീട് അനുവദിക്കുന്ന അവസരത്തിൽ മേൽ വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് പരാമർശം (2)പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ റവന്യൂ വകുപ്പിൽ നിന്നും കൈവശാവകാശം ലഭിച്ചിട്ടുള്ള ഭൂമിയിൽ വീട് അനുവദിക്കുന്ന അവസരത്തിൽ വീടും സ്ഥലവും 10 വർഷത്തേയ്ക്ക് അന്യാധീനപ്പെടുന്നതല്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് എഴുതി രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ഇങ്ങനെ വീട് അനുവദിക്കുന്ന ഗുണഭോക്താവിന്റെ കുടുംബത്തിലെ കുടുംബനാഥന്റെയും അംഗങ്ങളുടെയും പേര്, വയസ്സ്, വിലാസം, റേഷൻകാർഡ് നമ്പർ, ഇലക്ടറൽ ഐഡന്റിറ്റികാർഡ് നമ്പർ, കൈവശ സർട്ടിഫിക്കറ്റിന്റെ നമ്പറും തീയതിയും എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറി സൂക്ഷിക്കേണ്ടതും അതോടൊപ്പം കുടുംബങ്ങളുടെ ഡിജിറ്റൽ ഫോട്ടോ എടുത്ത് സിഡിയിൽ സൂക്ഷിക്കേണ്ടതുമാണെന്ന് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ് സൻ മാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ